കേരള സർക്കാർ

നമ്പർ. 69/എ 1/2017/ആകുവ.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്,
തിരുവനന്തപുരം, തീയതി: 15/01/2018

പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, (പേര് വച്ച കവറിൽ)
തിരുവനന്തപുരം.

സർ,

വിഷയം:- ആകുവ- ജീവനക്കാര്യം - അഡ്മിനിസ്ട്രേറ്റീവ് കേഡറിലുള്ള മെഡിക്കൽ ഓഫീസർമാരുടെ ഡി.പി.സി കൂടുന്നത് - സംബന്ധിച്ച്

ആരോഗ്യവകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് കേഡറിന് കീഴിലുള്ള മെഡിക്കൽ ഓഫീസർമാരുടെ ഡി.പി.സി സംബന്ധമായ വിഷയത്തിൽ അടിയന്തിരമായി തീരുമാനം എടുക്കേണ്ട സാഹചര്യം ആയതിനാൽ പ്രസ്തുത കേഡറിന് കീഴിൽ വരുന്ന എല്ലാ മെഡിക്കൽ ഓഫീസർമാരും അവരവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് (CR), പ്രൊബേഷൻ സംബന്ധമായ ഉത്തരവ് 15 ദിവസത്തിനുള്ളിൽ തന്നെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണെന്നും തുടർന്ന് കൂടുന്ന ഡി.പി.സി കളിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാത്ത പക്ഷം അവരെ അതാതു സ്ഥാനങ്ങളിൽ നിന്ന് ഇനിയൊരു മുന്നറിയിപ്പില്ലാതെ revert ചെയ്യുന്നതാണെന്നും അറിയിക്കുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഇക്കാര്യം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അംഗീകൃത സംഘടനകൾ മുഖേന മെഡിക്കൽ ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്. തുടർന്നുള്ള പരാതികൾ സ്വീകരിക്കപ്പെടുന്നതല്ല.

വിശ്വസ്തതയോടെ,
**സരിത. ഡി,**
ഡെപ്യൂട്ടി സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

മേലെഴുതിയ നം. ഇ. എസ്. 5178/2017 തീയതി. 17.1.2018 കത്തിൽ സൂചിപ്പിച്ചിരിക്കുന്ന നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ഡി. പി. സി. സെലക്ഷൻ സംബന്ധിച്ച വിവരങ്ങൾ ഉടൻ തപാലിൽ ലഭ്യമാക്കേണ്ടതാണ്.

17/1/18 എല്ലാ ജില്ലാ മെ. ഓ. സമർപ്പിക്കുക. ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി